No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കീം 2021

## 2021–ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് +2 ഇംപ്രൂവ്മെന്റ് മാർക്ക് സമർപ്പിക്കുന്നതിനുള്ള അവസരം.

09.09.2021 ലെ വിജ്ഞാപനപ്രകാരം 2021 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയവർക്ക് യോഗ്യതാപരീക്ഷയുടെ രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാൻ അവസരം നൽകിയിരുന്നു. സി.ബി.എസ്.ഇ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് മാർക്ക് സമർപ്പിക്കുവാൻ അവസരം നൽകണമെന്ന ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപേക്ഷകർക്ക് മാർക്കുകൾ സമർപ്പിക്കുന്നതിന് അവസരം നൽകുന്നു.

09.09.2021 ലെ വിജ്ഞാപനപ്രകാരം യോഗ്യത പരീക്ഷയുടെ മാർക്ക് സമർപ്പിക്കുകയും 23.09.2021 ലെ വിജ്ഞാപനപ്രകാരം കാൻഡിഡേറ്റ് പോർട്ടലിലൂടെ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് സമർപ്പിക്കുവാൻ അവസരം ആവശ്യപ്പെടുകയും ചെയ്ത സി.ബി.എസ്.ഇ വിദ്യാർത്ഥികൾക്ക് അവരുടെ ഇംപ്രൂവ്മെന്റ് മാർക്കുകൾ സമർപ്പിക്കാവുന്നതാണ്.

23.09.2021 ലെ വിജ്ഞാപനപ്രകാരം ഇംപ്രൂവ്മെന്റ് മാർക്കുകൾ അപ്‌ലോഡ് ചെയ്ത മറ്റ് പരീക്ഷാ ബോർഡുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ ഇംപ്രൂവ്മെന്റ് മാർക്കുകൾ കാൻഡിഡേറ്റ് പോർട്ടലിലൂടെ സമർപ്പിക്കാവുന്നതാണ്.

09.09.2021 ലെ വിജ്ഞാപനപ്രകാരം യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പിക്കാതിരുന്ന അപേക്ഷകർക്ക് കാൻഡിഡേറ്റ് പോർട്ടലിലൂടെ മാർക്ക് സമർപ്പിക്കാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന അപേക്ഷകർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള KEAM 2021- Candidate Portal എന്ന ലിങ്കിലൂടെ ഹോം പേജിൽ പ്രവേശിച്ച ശേഷം 'Mark Submission of Engg' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത്, വെബ്സൈറ്റിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച്, മാർക്ക് സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത മാർക്ക് സമർപ്പണത്തിന് 01.10.2021 മുതൽ 03.10.2021 ഉച്ചയ്ക്ക് 02.00 മണി വരെ സമയം ഉണ്ടായിരിക്കുന്നതാണ്.

**Help Line Number: 0471-2525300**

തിരുവനന്തപുരം
01.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**